## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം. 189** — **05.03.2012 -ൽ മറുപടിയ്ക്ക്**

### *പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കൽ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലും ആക്കുന്നതിനായി 2006 ജൂൺ മുതൽ 2012 ജനുവരി വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ സമയ ബന്ധിതമായി നികത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നവീകരണ നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ഇത്തരം ഒരാക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ് നടപടികൾ ത്വരിതഗതിയിലാണ് നടത്തുന്നത്. ഒഴിവുകൾ റിപ്പോർട്ടു ചെയ്താൽ എത്രയും വേഗം യോഗ്യരായ ഉദ്യോഗാർത്ഥികളെ നൽകുന്നതിന് റാങ്ക് ലിസ്റ്റുകൾ പരമാവധി വേഗത്തിൽ തയ്യാറാക്കി നിയമന ശിപാർശ നൽകുന്നുണ്ട്. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച ഉടനെ അക്കാര്യം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷനെ അറിയിക്കുകയും, |

. . . . .2)

പി.എസ്.സി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷമാകുമ്പോൾ ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് വകുപ്പ് അദ്ധ്യക്ഷൻമാരെ ഓർമ്മപ്പെടുത്താനും ലിസ്റ്റിന്റെ കാലാവധി തീരുന്നതുവരെ തുടർന്നും ഓരോ വർഷവും ഓർമ്മപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റിപ്പോർട്ടു ചെയ്യപ്പെട്ട വേക്കൻസി - കളുടെ എണ്ണം കുറയ്ക്കാനോ, റദ്ദു ചെയ്യാനോ സാധിക്കില്ല എന്ന വിവരം ഓർമ്മപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പി.എസ്.സി പരീക്ഷകളുടെയും ഇന്റർവ്യൂകളുടെയും കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന കാര്യം സർക്കാർ ശ്രദ്ധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷാ കലണ്ടർ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ മാസത്തേയും പരീക്ഷാ കലണ്ടർ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ് -